നം.എച്.2/26250/95

വിദ്യാഭ്യാസ ഡയറാക്ടറാഫീസ്
തിരുവനന്തപുരം
തീയ്യതി 31.07.1995

**സർക്കുലർ**

വിഷയം . വിദ്യാഭ്യാസം – പ്രധാനാധ്യാപകൻ അവധിയിൽ പ്രവേശിക്കുമ്പോൾ ഏറ്റവും സീനിയറായ അധ്യാപകന് ചാർജ്ജ് നൽകുന്നത് സംബന്ധിച്ച്.

സൂചന. ഈ ആഫീസിലെ സർക്കുലർ നം.എച് 2/2625/95 തീയ്യതി 19-6-95

ചുരുങ്ങിയ കാലയളവിലേക്ക് എയിഡഡ് ഹൈസ്കൂളിലെ പ്രധാനാദ്ധ്യാപകൻ അവധിയിൽ പ്രവേശിക്കുകയോ വിദ്യാലയത്തിന് പുറത്ത് ഡ്യൂട്ടിയായി പോകുകയോ ചെയ്യുമ്പോൾ വിദ്യാലയത്തിന്റെ ചാർജ്ജ് ഏറ്റവും സീനിയറായ അധ്യാപകനുതന്നെ നൽകണമെന്നും അതിനായി കെ.വി.ചട്ടം അധ്യായം 14 എ യിലെ 34 (എ) ചട്ടം അനുസരിച്ച് തയ്യാറാക്കുന്ന സംയോജിത സീനിയോരിറ്റി ലിസ്റ്റ് ആണ് പരിഗണിക്കേണ്ടതെന്നും ഈ ആഫിസിൽ നിന്ന് 2-3-95 ലെ സർക്കുലർ എച്ച് 2/7125/94 പ്രകാരം നിർദ്ദേശിച്ചു. എന്നാൽ പ്രസ്തുത സർക്കുലർ ഗവ.സ്കൂളുകൾക്ക് ബാധകമായിരുന്നില്ല. ഗവൺമെന്റ് സ്കൂളുകളുമായി ഇക്കാര്യത്തിൽ ഐക്യരൂപം വരുത്തേണ്ടതുണ്ടെന്നും വിവിധ അദ്ധ്യാപക സംഘടനകൾ ആവശ്യപ്പെട്ടതിനാലും ഗവൺമെന്റ് സ്കൂളുകളെ സംബന്ധിച്ച് ഗവൺമെന്റ് ജീവനക്കാർക്ക് ബാധകമായ സ്പെഷ്യൽ റൂൾസ് കൂടി പരിഗണിച്ച് മേൽ സുചന പ്രകാരം പുറപ്പെടുവിച്ച സർക്കുലർ സർക്കാരിന്റെ നിർദ്ദേശപ്രകാരം താഴെ പറയുംവിധം ഭേദഗതി വരുത്തിയിരിക്കുന്നു.

ദീർഘ കാലയളവിലേക്ക് ഗവ/എയിഡഡ് സ്കൂളുകളിലെ പ്രധാനാധ്യാപകൻ അവധിയിൽ പ്രവേശിക്കുകയോ വിദ്യാലയത്തിന് പുറത്ത് ഡ്യൂട്ടിയായി പോകുകയോ ചെയ്യുമ്പോൾ വിദ്യാലയത്തിന്റെ ചാർജ്ജ് പ്രധാനാദ്ധ്യാപക പ്രമോഷൻ ലഭിക്കാൻ അർഹതയുള്ള ഏറ്റവും സീനിയറായ അദ്ധ്യാപകനു നല്കണം.എയിഡഡ് സ്കൂൾ ആണെങ്കിൽ കെ.വി.ചട്ടം അദ്ധ്യായം 14 എയിലെ ചട്ടം 34 (എ) അനുസരിച്ച് തയ്യാറാക്കിയ സീനിയോരിറ്റി ലിസ്റ്റാണ് പ്രധാനാദ്ധ്യാപകനെ കണ്ടെത്താൻ പരിഗണിക്കേണ്ടത്.എന്നാൽ ഏതെങ്കിലും സ്കൂളുകളിൽ യാതൊരു ടെസ്റ്റോ യോഗ്യതയോ സ്ഥിരം ഇളവോ (എക്സംപ്ഷൻ) ലഭിക്കാൻ അർഹരായവർ ഇല്ലെങ്കിൽ അത്തരം സന്ദർഭങ്ങളിൽ ഹെഡ്മാസ്ററാകാനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ളവരിലെ ഏറ്റവും സീനിയറായ അദ്ധ്യാപകന് ചാർജ് നൽകാവുന്നതാണ്.

ചുരുങ്ങിയ കാലത്തേക്ക് (കാഷ്വൽ ലീവ്, വിദ്യാലയത്തിന് പുറത്തുള്ള അദർ ഡ്യൂട്ടി എന്നിങ്ങനെയുള്ള കാര്യങ്ങളാണെങ്കിൽ) പ്രധാനാധ്യാപകന് വിദ്യാലയത്തിൽ ഹാജരാകാൻ സാധിക്കാത്ത താത്ക്കാലികമായ ഒഴിവുകൾ പ്രധാന അദ്ധ്യാപകനാകാൻ ഉള്ള യോഗ്യതയുണ്ടോ എന്ന് പരിഗണിക്കാതെ ഏറ്റവും സീനിയറായ അദ്ധ്യാപകന് ചാർജ് നൽകണം.

ഈ നിർദ്ദേശം എൽ.പി.,യു.പി,ഹൈസ്കൂൾ എന്നിവയ്ക്കെല്ലാം ബാധകമാകണം.

**വിദ്യാഭ്യാസ ഡയറക്ടർ**

www.ranjithkumarak.webs.com